# ഡിജിറ്റൽമാഗസിൻ

LITTLE KITES 2023 -2024



# ആമുഖം

മാനവ പുരോഗതി അതിന്റെ മഹനീയ രൂപം പൂണ്ട് വിശ്വംകീഴടക്കുന്ന കാഴ്ച ശ്വാസം അടക്കി ലോകം കണ്ടുകൊണ്ടിരിക്കുയാണ്. അനുനിമിഷം വളരുന്ന വിവരസാങ്കേതിക വിദ്യകൾ പ്രപഞ്ചത്തെ മനുഷ്യന്റെ വിരൽ തുമ്പിലേക്ക് ചുരുക്കുന്നു.അറിവും കഴിവും ഭാവനയും ഒത്തുചേർത്ത് മനുഷ്യൻ ത്രിശങ്കുസ്വർഗ്ഗങ്ങൾ പണിയുമ്പോൾ ലോകത്തെ മനനം ചെയ്യാൻ കഴിവുള്ള മനുഷ്യന്റെ മാനസിക മൂല്യങ്ങൾക്ക് ശോഷണം സംഭവിക്കുന്നു. അത് ജീവീക്കാൻ അർഹതയുള്ള മുഴുവൻ സഹജീവികളെയും നാശത്തിന്റെ വക്കിലെത്തിക്കുന്നു. ഇതിൽ നിന്ന് പുനർവിചിന്തനത്തിലൂടെയുള്ള അതിജീവനം എന്നനിലയിൽ കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വിവരസാങ്കേതിക വിദ്യയിലൂടെ പ്രകടിപ്പിക്കാൻ ഈ മാസികയിലെ രചനയിലൂടെ സാധ്യമാകും എന്ന് നമുക്ക് പ്രത്യാശിക്കാം.



# ദൈവദശകം

ദൈവമേ കാത്തുകൊൾകങ്ങു കൈവിടാതിങ്ങു
ഞങ്ങളെ നാവികൻ നീ ഭവാബ്ധിക്കൊ
രാവിവൻതോണി നിൻപദം.
ഒന്നൊന്നായെണ്ണിയെണ്ണിത്താ ട്ടെണ്ണും
പൊരുളൊടുങ്ങിയാൽ നിന്നിടും ദൃക്കുപോലും
നിന്നിലസ്പന്ദമാകണം.
അന്ന വസ്ത്രാദി മുട്ടാതെ തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ.
ആഴിയും തിരയും കാറ്റും
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.
നീയല്ലോ സൃഷ്ടിയും സ്രഷ്ടാ
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ, സൃഷ്ടി
ക്കുള്ള സാമഗ്രിയായതും.
നീയല്ലോ മായയും, മായാ
വിയും, മായാവിനോദനും
നീയല്ലോ മായയെ നീക്കി
സ്സായൂജ്യം നൽകുമാര്യനും.
നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ
ല്ലോതും മൊഴിയുമോർക്കിൽ നീ.
അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻപദം

**പുകഴ്ത്തുന്നു ഞങ്ങള**
**ഭഗവാനേ, ജയിക്കുക.**
**ജയിക്കുക മഹാദേവ,**
**ദീനാവനപരായണ,**
**ജയിക്കുക ചിദാനന്ദ,**
**ദയാസിന്ധോ, ജയിക്കുക.**
**ആഴമേറും നിൻമഹസ്സാ**
**മാഴിയിൽ ഞങ്ങളാകവേ**
**ആഴണം വാഴണം നിത്യം**
**വാഴണം വാഴണം സുഖം.**

# എഡിറ്റോറിയൽ ബോർഡ്

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# സന്ദേശം

വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സമാരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിൽ നിന്നും 'മനസ്മൃതി' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന്
റീന ടി
ഹെഡ്മിസ്ട്രസ്സ്

കേരളത്തിൻ്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തോടൊപ്പം ചേർന്നു നിന്നു കൊണ്ട് പ്രകാശിക്കുന്ന വിശ്വഗുരുവാണ് ശ്രീനാരായണ ഗുരുദേവൻ. ഗുരുദേവ ദർശനങ്ങളിൽ 'വിദ്യകൊണ്ട് പ്രബുദ്ധരാവുക , എന്ന ദർശനത്തിൽ ഊന്നിക്കൊണ്ട് എസ് എൻ ട്രസ്റ്റിൻ്റെ കീഴിൽ കണ്ണൂർ തോട്ടട കിഴുത്തള്ളിയിൽ 2000 ജൂൺ മാസം സ്ഥാപിതമായ വിദ്യാലയമാണിത്. കോളേജിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തിയ സമയത്ത് കണ്ണൂർ എസ് എൻ കോളേജിൻ്റെ സഹാദര സ്ഥാപനമായി സ്ഥാപിതമായതാണീ വിദ്യലയം.

## ഉള്ളടക്കം

ഇൻവൻഷൻസ് ........................................................................ 09

ബാല്യം ............................................................................................. 10

കാലാവസ്ഥ വ്യതിയാനം (ലേഖ)…..…………………….. 11

ജീവൻറെ വില ..........................................................................14

മേഘം (കവിത) ……………………………………….. 16

പൊതുവിജ്ഞാനം ............................................................................. 17

ജികെ ക്വിസ് ......................................................................................... 19

മൂന്ന് ഓട്ടക്കാർ(കഥ)…………………………………….. 21

പഴംചൊല്ലുകൾ ................................................................................ 24

തലക്കുറി (നാടകം) ……………………………………… 25

ശ്രീനാരായണഗുരു (ജീവചരിത്രക്കുറിപ്പ്) ……………….. 35

എം എസ് സ്വാമിനാഥൻ(ലേഖനം)…………………… 37

മൂന്നു മത്സ്യങ്ങൾ(കഥ ) ……………………………………. 40

മഹത് വചനങ്ങൾ ........................................................................... 43

Surrender(Poem)……………………………………… . ....45

BEAST & BEAUTY(Poem)……………………………….46

# INVENTIONS

*Perovskite Solar Cells: Innovated by Dr. Henry Snaith*

Invented by Dr. Henry Snaith



Dr. Henry Snaith has revolutionized the field of solar energy with his pioneering work on perovskite solar cells. These photovoltaic devices, inspired by the mineral perovskite's crystal structure, offer a cost-effective and highly efficient alternative to traditional silicon-based solar cells. Dr. Snaith's research has led to significant advancements in perovskite materials, resulting in unprecedented improvements in efficiency and stability. By fine-tuning the composition and structure of perovskite layers, Dr. Snaith and his team have achieved remarkable power conversion efficiencies, rivaling and even surpassing those of conventional solar technologies. With the potential to transform the renewable energy landscape, perovskite solar cells hold promise for widespread adoption in both terrestrial and space applications. Dr. Snaith's contributions have not only propelled the development of sustainable energy solutions but also paved the way for a brighter, cleaner future for generations to come

By Rithik .K.R
9-A

# ബാല്യം



കൺപോള മെല്ലെ അടഞ്ഞൊരാ നേരം
മുളച്ചുവെൻ
സ്വപ്നത്തിൽ ഒരുജോടിചിറകുകൾ,
ചിറകുകൾ വീശിപറന്നു ഞാൻമെല്ലേ.
സ്വപ്നത്തിൽ ലോകത്തിൻ കാഴ്ചകൾ കാൺവാൻ
കണ്ടു ഞാനെല്ലാം കാണാൻകൊതിച്ചൊരാ
കാര്യങ്ങളൊക്കെയും കണ്ടു ഞാൻ ഇന്നു
അമ്മയിൽ നിന്നുവേർപ്പെട്ട ദിനവും
അമ്മതൻ മാറൊട്ടുചേർന്നൊരാനിമിഷവും
നിമിഷങ്ങൾമെല്ലേ കടന്നു ബാല്യത്തിന്റെ
നൊമ്പരം ചാലിച്ച കുസൃതിയും കണ്ടു
വിദ്യാലയത്തിലെ ആദ്യദിനം കണ്ടു
വിദ്യപകർന്നൊരാ ഗുരുക്കരെ കണ്ടു
ആദ്യമായ് കൈകോർത്ത മിത്രത്തെയും
സ്മൃതിതൻ മറവിലെ ബാല്യവും കണ്ടു
ഇന്നു ഞാൻ യൗവനപാതയിൽ നിൽക്കുമ്പോൾ
വീണ്ടും കൊതിക്കുന്നു ബാല്യത്തിലെത്താൻ
ബാല്യമേ നീയൊരു സുന്ദരസ്വപ്നം

Sayooj T.P
9B

# കാലാവസ്ഥ വ്യതിയാനം

നമുക്ക് വേനൽക്കാലത്ത് ചൂടും ശീതകാലത്ത് തണുപ്പും അനുഭവപ്പെടുന്നു. ഈ രീതിയിൽ നമുക്ക് വ്യത്യസ്ത കാലാവസ്ഥകൾ അനുഭവപ്പെടുന്നത്. ഒരു നിശ്ചിത കാലയളവിൽ അനുഭവപ്പെടുന്ന ദൈനംദിന ശീതോഷ്ണത്തിൻറെ ശരാശരിയാണ്. ആ പ്രദേശത്തിൻറെ കാലാവസ്ഥ. വൃഷ്ടി, സൂര്യപ്രകാശം, കാറ്റ്, നീരാവി, ഊഷ്മാവ് എന്നീ ഘടകങ്ങളാണ് ഒരു പ്രദേശത്തിൻറെ കാലാവസ്ഥയെ നിർണ്ണയിക്കുന്നത്.
ഒരു ദിവസത്തിൻറെ ശീതോഷ്ണസ്ഥിതിയിൽ പെട്ടെന്ന് പ്രകടമായ വ്യത്യാസങ്ങൾ ദൃശ്യമാകാം. എന്നാൽ ഒരു പ്രദേശത്തിൻറെ കാലാവസ്ഥയിൽ മാറ്റങ്ങളുണ്ടാകുന്നത് ക്രമേണയായിരിക്കും, വളരെ പ്രകടമായീരിക്കുകയും ഇല്ല. ഈ ഭൂമിയുടെ മൊത്തം കാലാവസ്ഥയിൽ തന്നെ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്, സർവ്വജീവജാലങ്ങളും അങ്ങനെയുള്ള മാറ്റങ്ങളോട് ഇണങ്ങി ചേരുന്നുണ്ട്.

കഴിഞ്ഞ 150-200 വർഷങ്ങളിൽ അസാധാരണ വേഗതിയിലാണ് കാലാവസ്ഥ വ്യതിയാനം സംഭവിക്കുന്നത്. ചില ജന്തുവർഗ്ഗങ്ങൾക്കും സസ്യവർഗ്ഗങ്ങൾക്കും ഇതുമായി യോജിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഈ പ്രകടമായ ധ്രുതഗതിയിലുള്ള കാലാവസ്ഥ വ്യതിയാനത്തിൽ കാരണം മനുഷ്യൻറെ പ്രകൃതിയിലുള്ള ഇടപെടലുകളാണ്.

ഭൂമിയിലെ കാലാവസ്ഥ എപ്പോഴും മാറുകയും പരിണമിക്കുകയും ചെയ്തു ഈ മാറ്റങ്ങളിൽചിലത് അഗ്നിപർവ്വത സ്ഫോടനങ്ങൾ, വെള്ളപ്പൊക്കം കാട്ടുതീ തടങ്ങിയ പ്രകൃതിദത്ത കാരണങ്ങളാൽ സംഭവിച്ചതാണ്. എന്നാൽ അവയിൽ ചിലത് മനുഷ്യൻ്റെ പ്രവർത്തനം മൂലമാണ്. വനനശീകരണം 'ഫോസിൽ ഇന്ധനങ്ങൾ കത്തിക്കൽ കന്നുകാലിവളർത്തൽ എന്നിവ ഹരിതഗൃഹ പ്രഭാവത്തിനും ആഗോളതാപനത്തിനും കാരണമാവുന്നു. കാലവസ്ഥാവ്യതിയാനം സമാനമായ രീതിയിൽ തുടരുകയാണെങ്കിൽ അത് ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും ബാധിക്കും. ഭൂമിയുടെ താപനില ഉയരും സമുദ്രനിരപ്പ് ഉയരും കൊടുംകാറ്റും അഗ്നിപർവത സ്ഫോടനങ്ങളും പ്രകൃതി ദുരന്തങ്ങളു അടിക്കടി സംഭവിക്കും.ഭൂമിയുടെ ജൈവ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകരും. പരിസ്ഥിതി മലിനമാവുകയും മനുഷ്യർക്ക് ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാൻ ശുദ്ധജലവും ലഭിക്കാതെ വരും. ഭൂമിയിലെ ജീവിതം അവസാനിക്കും.

കാലാവസ്ഥ വ്യതിയാനത്തിൻ്റെ ഭീകരമായ സാഹചര്യം മെച്ചപ്പെടുത്താൻ ഇന്ത്യാ ഗവൺമെൻ്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ കലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾക്കുള്ള നോഡൽ ഏജൻസിയാണ് പരിസ്ഥിതി വനം മന്ത്രാലയം. കാലാവസ്ഥ സൗഹൃദമായ നിരവധി നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട് ,

പ്രത്യേകിച്ച് പുനരുപയോഗ ഊർജ്ജ മേഖലയിൽ കാലവസ്ഥാ വ്യതിയാനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പൊരുത്തപ്പെടൽ നടപടികൾക്കുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും ഇന്ത്യ നിരവധി നടപടികളും നയപരമായ സംരംഭളും സ്വീകരിച്ചിട്ടുണ്ട്. വനഭൂമിയെ

കൂടുതൽ ഹരിതാഭവും ഫലഭ്രൂയിഷ്ടവുമാക്കുന്നതിന് വിവിധ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന "ഗ്രീൻ ഇന്ത്യ" പരിപാടിക്ക് തുടക്കമിട്ടിട്ടുണ്ട്.

DIYA JITHES 10A

# ജീവന്റെ വില(കഥ)

ഒരിക്കൽ സൂഫിയുടെ അടുത്ത് വന്ന് ഒരാൾ ചോദിച്ചു, അങ്ങ് വളരെ മഹാനായ മനുഷ്യനാണ്. എനിക്ക് ഒരു കാര്യം അറിയാനുണ്ട് - "എന്റെ ജീവന്റെ വില എന്താണ് ?"

സൂഫി ഒരു കല്ലെടുത്ത് അയാളുടെ കൈയിൽ നൽകി ഇതിന്റെ വില അന്വേഷിച്ച് വരാൻ പറഞ്ഞു. യാതൊരു കാരണവശാലും ഇത് വില്ക്കുകയോ, കൈമാറുകയോ ചെയ്യരുത്..

അയാൾ അതും കൊണ്ട് ആദ്യം ഒരു പച്ചക്കറി വ്യാപാരിയുടെ അടുത്തു പോയി , അയാൾ പറഞ്ഞു ഈ കല്ലിന്റെ വിലയായി ഒരു ചാക്ക് ഉരുളക്കിഴങ്ങ് നൽകാം ....അയാൾ പറഞ്ഞു ശരി , ഞാൻ പിന്നെവരാം.....

അടുത്തതായി അയാൾ ഒരു സ്വർണ്ണവ്യാപാരിയുടെ അടുത്ത് ചെന്നു. സ്വർണ്ണവ്യാപാരി കല്ലിന്റെ
മാറ്റ് നോക്കി 10 പവൻ സ്വർണ്ണം നൽകാമെന്ന് പറഞ്ഞു. അയാൾ അപ്പോഴും പറഞ്ഞു,ഞാൻ പിന്നീട്
വരാം...

അടുത്തതായി അയാൾ ഒരു രത്ന വ്യാപാരിയുടെ അടുത്തെത്തി ... അയാൾ കല്ലിന്റെ മാറ്റു നോക്കി , "എന്റെ സമ്പാദ്യം മുഴുവൻ ഞാൻ നിങ്ങൾക്കു തരാം ഈ കല്ല് എനിക്കു തരൂ...
അപ്പോൾ അയാൾ അത്ഭുതപ്പെട്ടുകൊണ്ട് പറഞ്ഞു, ഈ കല്ല് എനിക്ക് വില്ക്കാൻ അനുമതിയില്ല ... ഞാൻ പിന്നീട് വരാം.

തിരികെ അയാൾ കല്ലുമായി സൂഫിയുടെ അടുത്ത് ചെന്നു.. അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു, കാര്യങ്ങൾ നിനക്കു ഒരു വിധം മനസ്സിലായിക്കാണുമല്ലോ?
ഇതുപോലെ നിന്റെ ജീവന്റെ മൂല്യവും തിരിച്ചറിയുന്ന ആളുകൾ നിന്റെയടുത്ത് എത്തിച്ചേരും....
ഓരോരുത്തരും ജീവന്റെ മൂല്യം തിരിച്ചറിയുന്നതും വിലയിടുന്നതും അവരുടെ വ്യവഹാരങ്ങൾക്കനുസൃതമായാണ് ......
പച്ചക്കറിക്കടക്കാരൻ പച്ചക്കറിയുടെ വിലനിലവാരത്തിനനുസരിച്ചും, സ്വർണ്ണ പണിക്കാരൻ സ്വർണ്ണത്തിന്റെ നിലവാരത്തിനനുസരിച്ചും വിലയിട്ടു... അതവരുടെ കാഴ്ചപാട്...
രത്നവ്യാപാരിയിൽ കല്ല് എത്തി ചേർന്നതോടെ ,ചേരേണ്ടത് ചേരേണ്ടിടത്ത് എത്തിയപ്പോൾ കല്ല് രത്നമായി.... അതിന് മൂല്യവും കൂടി ...

നമ്മുടെ കാര്യത്തിലും ഇങ്ങനെയൊക്കെത്തന്നെയാണ് .....
വില കല്പിക്കുന്നതും നല്കുന്നതും ഓരോ വ്യക്തിയുടേയും മൂല്യങ്ങൾക്കും, ആവശ്യങ്ങൾക്കനുസരിച്ചാണ്.

പേര്: എയ്ഞ്ചലീന ഗോഡ്‌വിൻ. 10A

വെൺമേഘ ശലഭം പോലെ **മേഘം**

വെൺചന്ദ്രികയിൽ നീരാടി.....
വെള്ളി പട്ടുടുത്ത് മേഘത്തേരിലേറി
വിണ്ണിലേക്കിറങ്ങി വന്ന ശലഭമേ..
ഒരു ഹംസമായി നീ എന്നോട് -
ദൂത് ചൊല്ലി
പിരിഞ്ഞു പോയി മറയുമ്പോൾ
മഴക്കാഴ്ചയായി ഞാൻ കാത്തുനിന്നു.
സ്നേഹ സാന്ദ്രമായി നീ പെയ്തിറ
ങ്ങുമ്പോൾ നിറ സാനിധ്യമായി
ഒരു ചെമ്പനീർ പൂവായി
ഞാൻ പൂത്തുലഞ്ഞു.



ശിവഗംഗ

8A




**1 സ്കൂൾ പാഠപുസ്തകങ്ങളിൽ ഭരണഘടനയുടെ ആമുഖം ഉൾപ്പെടുത്തിയ ആദ്യ സംസ്ഥാനം ഏത്?**
**കേരളം**

**2 ഇന്ത്യയുടെ ഭരണഘടനാ ശില്പിയായ ബി ആർ അംബേദ്കറുടെ ലോകത്തെ ഏറ്റവും ഉയരമുള്ള പ്രതിമ സ്ഥാപിച്ചത് എവിടെയാണ്?**
**വിജയവാഡ**

**3. സമ്പൂർണ്ണ ഭരണഘടനാ സാക്ഷര നേടുന്ന ഇന്ത്യയിലെ ആദ്യത്തെ ജില്ല?**
**കൊല്ലം**

**4. സ്കൂൾ വിദ്യാർത്ഥികൾക്ക് കോടതി വ്യവഹാരങ്ങളും വാദപ്രതിവാദങ്ങളും നേരിൽ കണ്ട് മനസിലാക്കാനുള്ള പദ്ധതി?**
**സംവാദ**

**5. 2024 ലെ ലോക സാമ്പത്തിക ഫോറത്തിൻ്റെ 54.ാം വാർഷിക സമ്മേളനത്തിൻ്റെ വേദി?**

**ദാവോസ്**

**6. ചിത്രകലാരംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ പ്രതിഭകൾക്ക് കേരള സർക്കാർ നൽകുന്ന രാജവിവർമ്മ പുരസ്കാരം 2024-ൽ ലഭിച്ച പ്രശസ്ത ചിത്രകാരൻ?**

**സുരേന്ദ്രൻ നായർ**

**7. ജനുവരി 16 ന് 100 -മത് ചരമവാർഷികം ആചരിക്കുന്ന മലയാള കവി?**

കുമാരനാശാൻ

**8. ലോകത്തിലെ ആദ്യ സോളാർ വിൻഡ് സംയുക്ത വൈദ്യുത പദ്ധതി നിലവിൽ വരുന്ന സംസ്ഥാനം?**

**ഗുജറാത്ത്**

**9. 6 മത് [2023-24 ] സന്തോഷ് ട്രോഫി ചാമ്പ്യൻ ഷിപ്പ് വേദി?**

**അരുണാചൽ പ്രദേശ്**

**10.2024 ൽ ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്ന രാജ്യം ഏത്?**

**റഷ്യ**




1. What is the capital of India ?

New delhi

2.Who is the current chief minister of Kerala ?

Pinarayi vijayan

3. Who is the head of RBI ?

Governor

4. Who created bitcoin ?

Satoshi nakamoto

5.what is the symbol represents bitcoin currency ?

"B"

6.Nifty is the index of which Indian stock market ? NSE

7.What is the currency of India ?

Rupee

8.Who is the current president of India ?

Droupadi Murmu

9.Where CES 2024 event held ?

January 9-12 , 2024 in Las Vegas

10.Where is India's silicon valley located ?

11. India’s space agency acronym ?

ISRO

12.Premier tech institute in India ?

IIT (Indian institute of technology)

13.What is the national sports of India ?

Hockey

14. Which is the poorest state in India ?

**Bihar**




# മൂന്ന് ഓട്ടക്കാർ

ഒരിടത്തൊരിടത്ത് വിജയത്തിനു വേണ്ടി കൊതിക്കുന്ന കായികാഭ്യാസിയായ ഒരു ബാലൻ ഉണ്ടായിരുന്നു അവന് വിജയം എന്നാൽ മത്സരത്തിൽ ഒന്നാമനാവുക എന്നത് മാത്രമായിരുന്നു. ഒരു ദിവസം അവനും മറ്റ് രണ്ട് കുട്ടികളും കൂടി അവൻ്റെ ഗ്രാമത്തിൽ ഒരു ഓട്ട മത്സരം സംഘടിപ്പിച്ചു ഈ ആവേശകരമായ മത്സരത്തിന് സാക്ഷികളാവാൻ വൻ ജനാവലിതന്നെ അവിടെ തടിച്ചു കൂടിയിരുന്നു. കൂട്ടത്തിൽ ഈ മത്സരം കാണാൻ വേണ്ടി ദൂരദിക്കിൽ നിന്നു വന്ന ഒരു ജ്ഞാനിയായ വൃദ്ധനും ഉണ്ടായിരുന്നു കാത്തിരുന്ന ആ മത്സരം തുടങ്ങി. തുടക്കത്തിൽ എല്ലാവരും ഒരു പോലെ മുന്നേറിയെങ്കിലും, ആ ചെറു ബാലൻ അവൻ്റെ നിശ്ചയദാർഢ്യവും കഴിവും ശക്തിയും ഉപയോഗിച്ച് കുതിക്കുകയും ഒന്നാമതെത്തുകയും ചെയ്തു. കാണികൾ കരഘോഷത്തോടെ അവനെ എതിരേറ്റു . ആ സമയം ഒരു സന്തോഷവും കാണിക്കാതെ ജ്ഞാനിയായ ആ വൃദ്ധൻ ശാന്തനായി നിന്നു. എങ്കിലും ആ ബാലന് അവൻ്റെ വിജയത്തിൽ അഭിമാനം തോന്നി. ...

ആ വൃദ്ധൻ മാത്രം വീണ്ടും  ശാന്തനായി നിന്നു. എങ്കിലും അവന് തൻ്റെ വിജയത്തിൽ അതിയായ സന്തോഷവും അഭിമാനവും തോന്നി. 'അടുത്ത മത്സരം അടുത്ത മത്സരം ' എന്നവൻ ആർത്തു വിളിച്ചു. ആ സമയം ജ്ഞാനിയായ വൃദ്ധൻ മുന്നോട്ട് വരികയും അവന് പുതിയ രണ്ട് എതിരാളികളെ കൊടുക്കുകയും ചെയ്തു. അവശയായ ഒരു മുതിർന്ന സ്ത്രീയും ഒരു അന്ധനും.

എന്താണിത്? ആ ബാലൻ തമാശയായി ചോദിച്ചു. 'ഇതൊരു മത്സരമല്ലല്ലോ !' അവൻ അത്ഭുതപ്പെട്ടു. 'മത്സരിക്കു' ആ വൃദ്ധൻ പറഞ്ഞു. ആ ബാലൻ മാത്രം ഓടുകയും മത്സരം ഒന്നാമനായി പൂർത്തിയാക്കുകയും ചെയ്തു. മറ്റ രണ്ട് പേർ തുടങ്ങിയിടത്തു തന്നെ നിൽക്കുന്നു. അവൻ സന്തോഷത്തിൽ തൻ്റെ കൈകൾ കാണികൾക്കുനേരെ വീശി. പക്ഷെ ജനക്കൂട്ടം അവൻ്റെ വിജയത്തിൽ ഒരു സന്തോഷവും പ്രകടിപ്പിക്കാതെ ശാന്തരായി

**നിന്നു. 'എന്തു പറ്റി ? എന്തുകൊണ്ടാണ് ആളുകൾ എൻ്റെ സന്തോഷത്തിൽ പങ്കുചേരാത്തത്?'**
**അവൻ ജ്ഞാനിയായ വൃദ്ധനോട് ചോദിച്ചു. വീണ്ടും മത്സരം നടത്തു എന്ന് അദ്ദേഹം മറുപടി പറഞ്ഞു ഈ സമയം നിങ്ങൾ മൂന്നു പേരും ഒരുമിച്ച മത്സരം പൂർത്തിയാക്കണം. അദ്ദേഹം തുടർന്നു. ആ ബാലൻ കുറച്ചു നേരം ആലോചിച്ചു എന്നിട്ട് കൂടെ മത്സരിക്കുന്ന രണ്ടു പേരുടെയും കൈപിടിച്ചു. അവൻ വളരെ പതുക്കെ അവരോടൊപ്പം നടന്നു ഫിനിഷിങ്ങ് ലൈനിൽ എത്തിച്ചേർന്നു .ഇത്തവണ കാണികൾ ആവേശത്തോടെ കരഘോഷം മുഴക്കി. ആ ജ്ഞാനിയായ വൃദ്ധൻ അവനെ പുഞ്ചിരിയോടെ നോക്കി തലയാട്ടി. ഈ സമയം അവന് അതിരറ്റ സന്തോഷവും അഭിമാനവും തോന്നി. ' ഞങ്ങളിൽ ആർക്കു വേണ്ടിയാണ് അവർ കൈയടിക്കുന്നത് ? ' എനിക്ക് മനസ്സിലാകുന്നില്ല അവൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം അവൻ്റെ തോളിൽ കൈവച്ച് അവൻ്റെ കണ്ണുകളിലേക്ക് നോക്കി പതിയെ പറഞ്ഞു.......**
**മകനെ, ഇതുവരെ നീ വിജയിച്ച മത്സരങ്ങളേക്കാൾ തിളക്കമുള്ളതാണ് ഈ മത്സരത്തിലെ നിൻ്റെ വിജയം. ഇതിൽ അവർ കയ്യടിച്ചത് ഒരു  വിജയിക്ക് വേണ്ടിയല്ല, പകരം നീ ചെയ്ത ദയയ്ക്കും നന്മക്കും വേണ്ടിയാണ്.**

**Niharajith**
**8A**

# പഴം ചൊല്ലുകൾ

മൂത്തവർചൊല്ലും മുതുനെല്ലിക്ക
ആദ്യം കയ്ക്കും പിന്നെമധുരിക്കും

ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട.

പയ്യെതിന്നാൽ പനയും തിന്നാം.

മിന്നുന്നതെല്ലാം പൊന്നല്ല.

മടിയൻ മലചുമക്കും.

വടികൊടുത്ത് അടിവാങ്ങരുത്.

ഒത്തുപിടിച്ചാൽ മലയും പോരും.

അടിതെറ്റിയാൽ ആനയും വീഴും.

താൻ കുഴിച്ചകുഴിയിൽ താൻ തന്നെ വീഴും.

പൊന്നു കായ്ക്കുന്ന മരമാണെങ്കിലും
പുരയ്ക്ക് ചാഞ്ഞാൽ മുറിക്കണം.

ZANIL FARHAN

9A

# നാടകം

## തലക്കറി

Shagila.C.M,

HST

രംഗം.1

(ആശുപത്രിയുടെ entrance ൽ തന്നെ പ്രസവ വാർഡിലേക്ക് വഴി arrow mark ഇട്ടു കാണിച്ചിരിക്കുന്നു.സമീപത്തായി സൈജീൻ ലാബും കാണാം.2,3 പേർ അസ്വസ്ഥതയോടെ തലങ്ങും വിലങ്ങും നടക്കുന്നു.ഇടയ്ക്കിടെ അകടത്തേക്ക് നോക്കുന്നു.കുട്ടിയുടെ കരച്ചിൽ കേൾക്കാം.എല്ലാവരും പരസ്പരം നോക്കി ചിരിക്കുന്നു.Nurse കുഞ്ഞുമായി പുറത്തു വരുന്നു.)

Nurse:Mr. Vinod Scaria
Vinod:Yes(അടുത്തേക്ക് പോകുന്നു)

Nurse:(ചിരിട്ടുകൊണ്ട്)പെൺകുഞ്ഞ്

(കുട്ടിയെ വിനോദിന് കൊടുക്കുന്നു.)(കൈയ്യിലെ പേപ്പറും കുട്ടിയുടെ blood sample അടങ്ങിയ bottle ഉം കൊടുക്കുന്നു)

ഇതും ബ്ലഡ് സാംപിളും സൈജിനോ ലാബിൽ കാണിച്ച് ജനിതക രൂപരേഖ വാങ്ങണം

Vinod:കുഞ്ഞിൻടെ അമ്മ?

Nurse:കുഴപ്പമില്ല.അല്പസമയം കഴിഞ്ഞ് റൂമിലേക്ക് മാററും.

Vinod:(കുഞ്ഞിന് ഉമ്മ കൊടുത്ത് അമ്മൂമ്മക്ക് കൊടുക്കുന്നു.)

അമ്മൂമ്മ:എൻതെടാ കുട്ടാ..(ഉമ്മ കൊടുക്കുന്നു)അമ്മയുടെ പാല് കുടിച്ച് വാ.അമ്മൂമ്മ എടുക്കാം .കേട്ടോടാ മുത്തേ(കുഞ്ഞിനെ നഴ്സിനു കൊടുക്കുന്നു)

Vinod:അമ്മേ ഞാൻ ലാബിൽ പോയി DNA Profile വാങ്ങട്ടെ

അമ്മൂമ്മ:DNA പ്രൊഫൈലോ.അതെന്താപ്പാ?

vinod:ഒരു വ്യക്തിയുടെ DNA അഥവാ ജനിതക ക്രമം നിർണ്ണയിച്ച് പ്രത്യേകതകൾ തിരിച്ചറിഞ്ഞ ശേഷം  അവയെ രേഖപ്പെടുത്തി വെക്കുന്നതാണ് ജനിതക രൂപരേഖ അല്ലെങ്കിൽ DNA പ്രൊഫൈൽ.

അമ്മൂമ്മ:(പുച്ഛത്തോടെ)DNA പ്രൊഫൈൽ.നമ്മളൊക്കെ അതുണ്ടായിട്ടാണോ ഇതുവരെ ജീവിച്ചേ.

Vinod:അതല്ലമ്മേ.ഒരു വ്യക്തിക്ക് വന്നുചേരാൻ സാധ്യതയുള്ള രോഗങ്ങളുടെയെല്ലാം blueprint ഇതിൽ നിന്ന് കിട്ടും.

(മററുള്ളവർ അതിശയിക്കുന്നു)

കാൻസർ,ഡയബററിസ്,അൽഷിമേഴ്സ് എന്നുവേണ്ട പൊണ്ണത്തടി വരെ ഏകദേശം  500 ജനിതക രോഗങ്ങൾ പ്രവചിക്കാനും ചികിത്സിക്കാനും ഇതു മൂലം സാധിക്കും.

അമ്മൂമ്മ:അത് കൊള്ളാമല്ലോ? ഇതെങ്ങിനെ?

vinod:അത്യാധുനീക massive parallel sequences വഴി. ബാക്കി ഞാൻ പോയിട്ട് വന്നിട്ട് പറയാം. (വിനോദ് പോകുന്നു.അമ്മൂമ്മ അവിടെ  teapoy ൽ ഉള്ള പേപ്പ്ർ മറിച്ച് നോക്കുന്നു)

രംഗം 2

(സൈജിനോം ലാബ്. Director:Dr.George Thomas,M.B.B.S,M.D,Ph.D(Bio informatics ,Sr. Scientist-Oncology,Scigenom എന്ന board കാണാം.വിനോദ് blood sample ഉം കൊടുക്കുന്നു)

Technician:(റിപ്പോർട്ട് വാങ്ങി computer ൽ type ചെയ്യുന്നു.Vinod നെ നോക്കുന്നു)

5000 rupees.cash എങ്ങിനെയാ pay ചെയ്യുന്നേ?

Vinod:Money transfer ലൂടെ.

Technician:Ok

(2 പേരും മൊബൈലിലൂടെ എന്തൊക്കെയോ ചെയ്യുന്നു.ബീപ്പ് ശബ്ദം വരുന്നു.Technician തലയാട്ടുന്നു.receipt കൊടുക്കുന്നു.5 മണിക്കൂർ കഴിഞ്ഞ് വന്നോളൂ.)

രംഗം 3

(vinod പ്രസവ റൂമിനടുത്തു  തിരിച്ചു പോകുന്നു)

Nurse:അമ്മയേയും കുഞ്ഞിനേയും റൂമിലേക്ക് മാററാൻ പോവുകയാ.ആരെങ്കിലും റൂമിലേക്ക് വരൂ

( എല്ലാവരും റൂമിലേക്ക് പോകുന്നു)

രംഗം:4

(വയസ്സായ  മുസ്ലീം വേഷധാരിയായ ഒരാൾ ലാബിലേക്ക് വന്ന് കാർഡ് കാണിക്കുന്നു.technician  കാർഡ് വാങ്ങി നോക്കുന്നു)

technician:(glucometer വെച്ച് നോക്കുന്നു.) Mr. മമ്മദ്,Metformin 1 അല്ലേ കഴിക്കാറ്?

മമ്മദ്:ഞമ്മക്ക് അറീല്ല.നിങ്ങ തരുന്നത് അതാണെങ്കിൽ അതെ.

Technician:അത് തന്നെ continue ചെയ്താൽ മതി.

മമ്മദ്:ഞമ്മള ചെങ്ങായിക്ക്ഞമ്മന്ടത്ര തന്നെയാ പഞ്ചാരേന്ടെ അളവ്.പക്കേന്കില് ഓനിക്ക് വേറെ മരുന്നാണല്ലോ.

technician:Mr.മമ്മദേ,ഓരോരുത്തരുടെ ജനിതക ഘടനക്ക് അനുസരിച്ചാണ് ഓരോ മരുന്നും അതിന്ടെ ഡോസും.സുഹൃത്തിന്ടെ ജനിതക ഘടനയാവില്ല നിങ്ങളുടേത്.

technician:മറ്റ കുഴപ്പമൊന്നുമില്ലെന്കിൽ(paper കൊടുക്കുന്നു)ഇതിൽ പറഞ്ഞ date ന് വന്നാൽ മതി.(card തിരിച്ചു കൊടുക്കുന്നു)

മമ്മദ്:ന്നാ ശരി.മ്മള് പോണ്.(പോകുന്നു)

Technician:ങാ.ശരി.

രംഗം .5

( Hospital നള്ളിൽ നിന്ന് Vinod ,ലാബിലേക്ക് പോകുന്നു.അമ്മൂമ്മ കുഞ്ഞിനെ താരാട്ട് മൂളി ഉറക്കുന്നു)

രംഗം.6(lab)

Vinod:(receipt കാണിക്കുന്നു.)

Technician:(ചിരിച്ചുകൊണ്ട് card കൊടുക്കുന്നു.കൂടെ report ഉം)

Vinod:Thank you.(report നോക്കിക്കൊണ്ട് കുറച്ച് വിഷമത്തോടെ വരുന്നു)

അമ്മൂമ്മ:എന്താടാ വിനോദേ നീ വല്ലാതിരിക്കുന്നത്?

Vinod:അമ്മ ഇതു കണ്ടോ.മോളുടെ DNA Profile ആണ്. (സുമോദും Dr. Sreedhar ഉം കടന്ന് വരുന്നു)18ാം വയസ്സിൽ ഡയബററിസ് ഉം 44ാം വയസ്സിൽ അൽഷിമേഴ്സും വരുമെന്നാ ഇതിൽ പറയുന്നേ.

അമ്മൂമ്മ:എടാ സുമോദേ.അയ്യോ.എന്താ ഞാൻ ഈ കേൾക്കുന്നത്.ദൈവമേ....(തലക്കടിക്കുന്നു)അതും ഇത്ര ചെറുപ്പത്തിൽ.....ഇതൊന്നും അറിയേണ്ടായിരുന്നു(ഇരിക്കുന്നു)

Sumod:അമ്മ അതൊന്നും പേടിക്കണ്ട.Gene therapy എന്നൊക്കെ കേട്ടിട്ടില്ലേ.രോഗമുള്ള gene നെ enzyme ഉപയോഗിച്ച് മുറിച്ച് ആരോഗ്യമുള്ള ജീൻ വച്ചു പിടിപ്പിക്കാനൊക്കെ പററും.

Doctor:പാൻക്രിയാസിലെ കോശങ്ങൾ അധിക ജോലിയെടുത്ത് തളരുമ്പോഴാണ് ഡയബററിസ് ഉണ്ടാവുന്നേ.പാൻക്രിയാസിൽ കൊണ്ടുപോയി അവിടത്തെ കോശമായി വിഭജനം നടത്തി വർദ്ധിക്കാവുന്ന വിത്തുകോശങ്ങളെ നിക്ഷേപിച്ചാൽ പുതിയ ഊർജ്ജസ്വലരായ കോശങ്ങളെ ഉണ്ടാക്കിയെടുക്കാം.പ്രമേഹവും മററും മറികടക്കാം.

sumod:ഒരു വ്യക്തിയുടെ ശരീര കോശങ്ങളെ തന്നെ വിത്തു കോശമായി പരിവർത്തനം ചെയ്താണ് രോഗാണുബാധിതമായ സ്ഥലത്ത് നിക്ഷേപിക്കുന്നത്.

അമ്മൂമ്മ:വിത്തുകോശം  എന്നുപറഞ്ഞാൽ?

Doctor:ഏതു തരം കോശവുമായി മാറാൻ  ശേഷിയുള്ള കോശങ്ങളെയാണ് വിത്തുകോശം എന്ന് പറയുന്നത്.ഒരിക്കൽ ഉണ്ടാക്കിയെടുത്താൽ  പിന്നെ ഏതു തരം കോശങ്ങളിലേക്ക് വേണമെങ്കിലും നമുക്ക് അവയെ പരണമിപ്പിച്ചെടുക്കാം.

vinod:വാ,നമുക്ക് സിജിയുടെ അടുത്ത് പോകാം. അവൾ വിവരമറിയാൻ കാത്തു നിൽക്കുന്നുണ്ടാവും.(എല്ലാവരും പോകുന്നു)

രംഗം.7

(വളരെ അവശനായ ഒരാളെ കൂട്ടി മറ്റൊരാൾ  ലാബിലേക്ക് വരുന്നു.അവശനായ ആൾ വിറയ്ക്കുന്നു,ഛർദ്ദിക്കാൻ ശ്രമിക്കുന്നു.മറ്റേയാൾ കാർഡ് കാണിക്കുന്നു.)

technician:Mr.Kannan,എന്താണ് പ്രശ്നം?

ഒന്നിച്ച് വന്നയാൾ:2 ദിവസമായി പനിയുണ്ടായിരുന്നു.Medical shop ൽ പറഞ്ഞപ്പോൾ ഈ മരുന്നു കഴിച്ചോളാൻ പറഞ്ഞു.(മരുന്നു കാണിക്കുന്നു)

അപ്പോൾ തുടങ്ങിയതാ ഈ പ്രശ്നങ്ങൾ.

technician(കൂടെ വന്നയാളോട് ):എന്തു പണിയാ കാണിച്ചേ.ചിലമരുന്നുകൾ ചിലരിൽ പാർശ്വഫലങ്ങൾ ഉണ്ടാക്കും.profile card മരുന്നു ഷോപ്പിൽ കാണിച്ചില്ലായിരുന്നോ?

kannan:സാർ,അവനല്ല ഞാൻ തന്നെയാ ചെയ്തേ .അവൻ ഇപ്പോൾ എൻടെ കൂടെ വന്നതേ ഉള്ളൂ.profile card അവർ ചോദിച്ചിരുന്നു.കൊൺടു വന്നില്ലെന്നും വളരെ അത്യാവശ്യമാണെന്നും പറഞ്ഞപ്പോൾ അവർ ഈ മരുന്നു തന്നു.

technician:ജനിതക ഘടനയുടെ വ്യത്യാസത്തിനനുസരിച്ച് ഏതൊക്കെ മരുന്നുകൾ പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന് profile card കണ്ടാൽ പറയാമായിരുന്നു.ഈ മരുന്ന് ഇദ്ദേഹത്തിന് പററാത്തതാണ്.

( nurse നോട്)ഇദ്ദേഹത്തെ admit ചെയ്തോളൂ.

Nurse:വരൂ(കൂട്ടിപ്പോകുന്നു)

രംഗം.8

(vinod റിസപ്ഷന് മുൻപിലുള്ള കസേരയിലിരുന്ന് പത്രം വായിക്കുന്നു.ഒരാൾ ലാബിൽ വന്ന് എന്തോ പറയുന്നു.report കൊടുക്കുന്നു.)

Technician:wait ചെയ്യൂ.

(അയാൾ കസേരയിലിരിക്കുന്നു)

(Vinod നെ നോക്കി):അല്ല വിനോദോ.

Vinod: Ajitha?

Ajitha:ആരാ ആശുപത്രിയിൽ?

Vinod:ഭാര്യ പ്രസവിച്ചിട്ടുണ്ട്.നിങ്ങൾ വന്നത്?

Ajitha:ഞാൻ മോളുടെ DNA Profile ഇതുവരെ വാങ്ങിയിട്ടില്ലായിരുന്നു.കുറച്ച് വർഷം മുൻപ് ഇതിൻ്റെ charge വലിയ amount ആയിരുന്നു.charge കുറയട്ടെയെന്ന് കരുതി ഇത്രയും കാലം wait ചെയ്തു.ഇനിയും കാത്തുനിൽക്കാൻ പററില്ല.

Vinod:അതെന്തേ?

Ajitha:ഇപ്പോൾ കല്ല്യാണാലോചനകൾ വരുന്നു.അവർ Genetic profile ആവശ്യപ്പെടുന്നു.2 ദിവസം മുൻപ് sample കൊടുത്തിരുന്നു.ഇന്ന് വരാൻ പറഞ്ഞു.

Vinod:ഓ!കല്ല്യാണത്തിനും ഇത് ആവശ്യമായിത്തുടങ്ങിയോ?

Ajitha:അവളുടെ DNA Profile അവന് കാണണമെന്ന്.അവൻടേത് copy അയച്ചിട്ടുണ്ട്.മലയാളി സ്ത്രീകളിൽ സാധാരണ Asthma,Obesity,Cancer,ഹൃദയസംബന്ധമായ രോഗങ്ങൾ,മൾട്ടിപ്പിൾ സ്ക്ലീറോസിസ് ഒക്കെ വരാൻ സാധ്യതയുണ്ട് പോലും.

Vinod:എല്ലാം  നേരത്തേ അറിഞ്ഞു വെക്കുന്നത് നല്ലത് തന്നെ.

Ajitha:പക്ഷേ പല ആലോചനകളും മുടങ്ങാവും ഇതു മതി.

Technician:Mrs.Ajitha

Ajitha:എന്നാ ശരി.കാർഡ് ശരിയായെന്നു തോന്നുന്നു.ഞാൻ വാങ്ങിക്കട്ടെ.പിന്നെ കാണാം.(shakehand കൊടുക്കുന്നു,ലാബിലേക്ക് പോകുന്നു)

Technician:(Print out ഉംcard ഉം കൊടുക്കുന്നു)

Ajitha:(report നോക്കി phone ചെയ്യുന്നു,നടക്കുന്നു)

ങാ,മോളേ,ഇത് ഞാനാ,അമ്മയാടീ,ങാ ,വാങ്ങിച്ചു.കുഴപ്പമൊന്നുമില്ല.ഞാൻ അയച്ചിട്ടുണ്ട്.അവനയച്ചുകൊടുത്തോളൂ(Vinod നോട് കൈകാണിച്ചുകൊണ്ട് പുറത്തേക്ക് പോകുന്നു)

(Doctor ward ൽ നിന്ന് ലാബിലേക്ക് വരുന്നു.Vinod room ലേക്ക് പോകുന്നു.)

Doctor :(Technician നോട്)ഇന്നല്ലേ Doctor Sharath ന്ടെ മകളുടെ കല്ല്യാണം.

Nurse:DNA Profile നോക്കി നടക്കുന്ന ലോകത്തിലെ ആദ്യ കല്ല്യാണമായിരിക്കും ഇത്.കാലം പോയ പോക്കേ.


Doctor:ഇനിയുള്ള കല്ല്യാണമൊക്കെ ഇങ്ങനെയായിരിക്കും.ലോകം അത്ര advanced ആയില്ലേ.

Nurse:എത്ര മണിക്കായിരുന്നു മുഹൂർത്തം?

Technician:12 മണിക്കല്ലേ?

Doctor:(വാച്ച് നോക്കുന്നു)ങാ,Duty time കഴിഞ്ഞു.നമുക്ക് പോകാം.

(പകരം മറ്റൊരു Doctor ഉംTechnician ഉം അവിടെ ഇരിക്കുന്നു.മറ്റുള്ളവർ പുറത്തേക്ക് പോകുന്നു.)



## ശ്രീ നാരായണ ഗുരു


ഇന്ത്യയിലെ കേരളത്തിൽ നിന്നുള്ള തത്വചിന്തകനും ഹൃന്ദവ സന്യാസിയും കേരള നവോത്ഥാന ചരിത്രത്തിലെ ഒരു സാമൂഹ്യ പരിഷ്കർത്താവും ആയിരുന്നു ശ്രീ നാരായണ ഗുരു ( 1856-1928 )
ഒരു ജാതി ഒരു മതം ഒരു ദൈവം എല്ലാംഒരു മനുഷ്യന് മാത്രം.അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന് സുഖത്തിനായി വരേണം എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആദർശവും ജീവിതലക്ഷ്യവും.
കേരളത്തിൽ നിലനിന്നിരുന്ന സവർണ്ണ മേൽക്കോയ്മ തൊട്ടുകൂടായ്മ തീണ്ടി കൂടായ്മ സാമൂഹ്യ തിന്മകൾക്കെതിരെയും അന്ധവിശ്വാസങ്ങൾക്കെതിരെയും

പോരാടിയ അദ്ദേഹം കേരളീയ സമൂഹത്തെ ആകെ നവോത്ഥാനത്തിലേക്ക് പങ്കുവെച്ചു ജാതിവ്യവസ്ഥയെ ചോദ്യം ചെയ്ത ഒരു സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണഗുരു. വിവേകം താനേ വരില്ല യത്നിക്കാൻധാരാളം വായിക്കണം എന്നു പഠിപ്പിച്ച ഗുരു താഴ്ന്ന ജാതിയിൽ പെട്ടവർക്കുൾപ്പെടെ ദൈവാരാധന നടത്തുവാൻ ആയി, ശ്രീനാരായണഗുരുകേരളത്തിലും കർണാടകയിലും തമിഴ്നാട്ടിലുമായി

ഏതാണ്ട് 45 ഓളം ക്ഷേത്രങ്ങൾ സ്ഥാപിച്ച രണ്ടുതവണ ശ്രീലങ്ക സന്ദർശിക്കുകയും അവിടെ ക്ഷേത്ര പ്രതിഷ്ഠ നടത്തുകയും ചെയ്ത മതമേതായാലും മനുഷ്യൻ നന്നായാൽ മതി അദ്ദേഹത്തിന്റെ ആപ്തവാക്യം 1916-ൽ ജാതിയില്ല വിളംബരത്തിലൂടെ താൻ ഒരു ജാതിയുടെയും മതത്തിന്റെയും വക്താവായ ആളല്ലെന്നും താൻ ജാതിയും മതവും ഓ ഭക്ഷവും സംവത്സരങ്ങൾ കഴിഞ്ഞുവെന്നും ഉരു വ്യക്തമാക്കിവിജയിക്കാൻ ഞാൻ എടുത്ത തീരുമാനത്തിന് കരുത്ത് ഉണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തള്ളുകയില്ല"

ശ്രീനന്ദ

9A



# എം എസ് സ്വാമിനാഥൻ

മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ, 1925 ഓഗസ്റ്റ് 7 ന്, ഇന്ത്യയിലെ തമിഴ്നാട്ടിലെ കുംഭകോണത്ത് ജനിച്ച, പ്രശസ്ത ഇന്ത്യൻ കാർഷിക ശാസ്ത്രജ്ഞനും ജനിതകശാസ്ത്രജ്ഞനുമാണ്, "ഇന്ത്യയിലെ ഹരിതവിപ്ലവത്തിൻ്റെ പിതാവ്" എന്ന് പലപ്പോഴും വാഴ്ത്തപ്പെടുന്നു. അദ്ദേഹത്തിൻ്റെ പയനിയറിംഗ് പ്രവർത്തനങ്ങൾ ഭക്ഷ്യ സുരക്ഷയ്ക്കും കാർഷിക വികസനത്തിനും ഗണ്യമായ സംഭാവന നൽകി, അദ്ദേഹത്തിന് ആഗോള അംഗീകാരം നേടിക്കൊടുത്തു.


തിരുവനന്തപുരത്തെ മഹാരാജാസ് കോളേജിൽ സുവോളജിയിൽ ബിരുദം നേടിയ സ്വാമിനാഥൻ്റെ അക്കാദമിക് യാത്ര ആരംഭിച്ചു. പിന്നീട് ന്യൂഡൽഹിയിലെ ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അഗ്രികൾച്ചറൽ ബോട്ടണിയിൽ ബിരുദാനന്തര ബിരുദം നേടി. കൃഷിയോടും ജനിതകശാസ്ത്രത്തോടുമുള്ള അഭിനിവേശം അദ്ദേഹത്തെ പിഎച്ച്.ഡിയിലേക്ക് നയിച്ചു. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്ന് സസ്യപ്രജനനത്തിലും ജനിതകശാസ്ത്രത്തിലും അദ്ദേഹം നോബൽ സമ്മാന ജേതാവ് സർ റൊണാൾഡ് എ ഫിഷറുടെ മാർഗനിർദേശപ്രകാരം പ്രവർത്തിച്ചു.

ഇന്ത്യയിലേക്ക് മടങ്ങിയെത്തിയ സ്വാമിനാഥൻ കാർഷിക ഗവേഷണത്തിലും നയ വാദത്തിലും ഒരു വിശിഷ്ട ജീവിതം ആരംഭിച്ചു. 1966-ൽ, ഇന്ത്യയുടെ ഹരിതവിപ്ലവത്തിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു, രാജ്യത്തിൻ്റെ ഭക്ഷ്യപ്രതിസന്ധി പരിഹരിക്കാൻ ഗോതമ്പിൻ്റെയും അരിയുടെയും ഉയർന്ന വിളവ് തരുന്ന ഇനങ്ങൾ സ്വീകരിക്കണമെന്ന് വാദിച്ചു. അദ്ദേഹത്തിൻ്റെ പ്രയത്നങ്ങൾ കാർഷികോൽപ്പാദനം ഗണ്യമായി വർദ്ധിപ്പിച്ചു, ഇന്ത്യയെ ഭക്ഷ്യകമ്മിയുള്ള രാജ്യത്തിൽ നിന്ന് സ്വയംപര്യാപ്ത രാജ്യമാക്കി മാറ്റി.

സ്വാമിനാഥൻ്റെ സംഭാവനകൾ ശാസ്ത്രീയ ഗവേഷണങ്ങൾക്കപ്പുറം നയരൂപീകരണത്തിലും നടപ്പാക്കലിലും വ്യാപിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിൻ്റെ (ഐസിഎആർ) ഡയറക്ടർ ജനറലായും അഗ്രികൾച്ചറൽ റിസർച്ച് ആൻ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻ്റ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ച അദ്ദേഹം ഇന്ത്യയുടെ കാർഷിക നയങ്ങൾ രൂപപ്പെടുത്തുന്നത് തുടർന്നു. ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ (എഫ്എഒ), ഇൻ്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഐആർആർഐ) എന്നിവയുൾപ്പെടെ വിവിധ അന്താരാഷ്ട്ര സംഘടനകളിലെ അദ്ദേഹത്തിൻ്റെ നേതൃത്വം ആഗോള ഭക്ഷ്യ സുരക്ഷയോടുള്ള അദ്ദേഹത്തിൻ്റെ പ്രതിബദ്ധതയെ കൂടുതൽ ഊന്നിപ്പറയുന്നു.

തൻ്റെ കരിയറിൽ ഉടനീളം, സ്വാമിനാഥൻ സുസ്ഥിര കൃഷിയുടെ പ്രാധാന്യത്തിനും പരമ്പരാഗത കൃഷിരീതികൾ ആധുനിക സാങ്കേതികവിദ്യയുമായി സമന്വയിപ്പിക്കേണ്ടതിൻ്റെ ആവശ്യകതയ്ക്കും ഊന്നൽ നൽകി. ചെറുകിട കർഷകരുടെ ശാക്തീകരണത്തിനായി അദ്ദേഹം വാദിച്ചു, ഭക്ഷ്യസുരക്ഷയും ഗ്രാമവികസനവും കൈവരിക്കുന്നതിൽ അവരുടെ പങ്ക് ഊന്നിപ്പറയുന്നു. കൃഷിയോടുള്ള അദ്ദേഹത്തിൻ്റെ സമഗ്രമായ സമീപനം 1987-ലെ വേൾഡ് ഫുഡ് പ്രൈസ് ഉൾപ്പെടെ ആഗോളതലത്തിൽ അദ്ദേഹത്തെ പ്രശംസിച്ചു.

തൻ്റെ ശാസ്ത്രീയ സംഭാവനകൾക്ക് പുറമെ, കൃഷി, ജൈവ വൈവിധ്യം, സുസ്ഥിര വികസനം എന്നിവയെക്കുറിച്ച് നിരവധി ഗവേഷണ പ്രബന്ധങ്ങളും ലേഖനങ്ങളും പുസ്തകങ്ങളും രചിച്ചിട്ടുള്ള സ്വാമിനാഥൻ മികച്ച എഴുത്തുകാരൻ കൂടിയാണ്. കർഷകരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിവിധ സർക്കാരിതര സംഘടനകളുമായും സംരംഭങ്ങളുമായും അദ്ദേഹം ഇടപെടുന്നതിൽ സാമൂഹിക ലക്ഷ്യങ്ങളോടുള്ള അദ്ദേഹത്തിൻ്റെ പ്രതിബദ്ധത വ്യക്തമാണ്.



# മൂന്ന് മത്സ്യങ്ങൾ

വർങ്ങൾക്കു മുമ്പ് ഒരു വലിയ കുളത്തിൽ മൂന്ന് മത്സ്യങ്ങൾ താമസിച്ചിരുന്നു. അവർ അടുത്ത സുഹൃത്തുക്കളായിരുന്നു. പക്ഷെ അവരുടെ സ്വഭാവം തികച്ചും വ്യത്യസ്തമായിരുന്നു. ആദ്യത്തെ മത്സ്യം വളരെ ബുദ്ധിമാനും അവൻ എന്ത് കാര്യവും ചെയ്യുന്നതിന് മുമ്പ് ഒരിക്കൽ ആലോചിക്കുമായിരുാനു അവന് ബുന്ധിമുട്ടുകളിൽ അകപ്പെടാൻ താൽപര്യകില്ലായിരു രണ്ടാമത്തെ മത്സ്യം വളരെ ശ്രുതശാലിയാണ്. അവൻ എന്ത് കാര്യവും സ്വാതത്തിലും വേഗത്തിലും ചെയ്യും. അവൻ ഏത് കഷ്ടവും സീതത്തിൽ തരണം ചെയ്യും. മൂന്നാമത്തെ മത്സ്യം ദാഗ്യശാലിയാണ്. അവൻ ദാഗത്തിൽ വിശ്വസിച്ചിരുന്നു. അവൻ്റെ വിശ്വാസം എന്തൊക്കെ സംഭവിക്കുന്നുവോ. അതെല്ലാം വിധിയായാണ് അവൻ കരുതുന്നത്. ഒരു ദിവസം സൂര്യാസ്തമയത്തിനു ശേഷം. ഇരുട്ട് പരങ്ങി, തുടങ്ങിയ സമയത്ത് ഒന്നമത്തെ മത്സ്യം രണ്ട് മുക്കുവ -.. ന്മാരുടെ സൃഷ്ടിയിൽ പെട്ടു. ഒന്നാമത്തെ മൂക്കുവൻ മത്സ്യത്തെ ചൂണ്ടിക്കാട്ടി പറഞ്ഞു: ഇവിടെ കുറേ മത്സ്യങ്ങൾ ഉണ്ട്. നമുക്ക് നാളെ ഇവിടെ വന്ന് വലയിടാം. ഇത് രണ്ടാമത്തെ മൂക്കുവൻ അംഗീകരിച്ചു. ഇതെല്ലാം കേട്ട് ഒന്നാമത്തെ മത്സ്യം വേഗം തൻ്റെ സുഹൃത്തുക്കളുടെ അടുത്ത് ചെന്ന് മുക്കുവന്മാരുടെ സംഭാഷണത്തെ കുറിച്ച് പറഞ്ഞു. നിരാശയോടെ അവർ പരസ്പരം ചോദിച്ചു. നമ്മൾ ഇനി എന്തു ചെയ്യും? അവർ ആലോചിച്ചു.കുറച്ച് സമയത്തിനു ശേഷം ഒന്നാമത്തെ മത്സ്യം പറഞ്ഞു നമുക്ക് ഈ തടാം വിട്ട് പോകാം. ഇവിടെ നിന്ന് നദിയിലൂടെ നദിക്കരയിലെത്തി വേറെ തടാകത്തിൽ പോകാം- അവിടെ നമ്മൾ സുരക്ഷിതരായിരിക്കും. ഇവിടെ നിൽക്കുന്നത്. നമുക്ക്

**ആപത്താണ്. ഇതു കേട്ട സൂരി ശാലിയായ മത്സ്യം പറഞ്ഞു നമ്മളെന്തിനാണ് ഇവിടം വിട്ടു പോകുന്നത്. മുക്കുവൻമാർ വന്നാൽ എനിക്ക് അവരിൽ നിന്ന് രക്ഷ- പ്പെടാനുള്ള സൂതം അറിയാം. പിന്നെന്തിനാ നമ്മൾ ഇവിടെ നിന്ന് ഓടിപ്പോകുന്നത് അപ്പോൾ ദാഗ്യശാലിയായ മത്സ്യം**

**സാവധാനത്തിൽ പറഞ്ഞു: ഞാൻ ജീവിക്കുന്നുണ്ടെങ്കിൽ ജീവിതാവസാനം വരെ ഈ തടാകത്തിൽ തന്നെ ജീവിക്കും. ഞാനെങ്ങനെ എൻ്റെ വീട് വിട്ടുപോകും? സന്ദവിക്കാൻ പോകുന്നതൊന്നും നമ്മളെ കൊണ്ട് തടുക്കാൻ കഴിയില്ല നിങ്ങൾ വേണമെങ്കിൽ പൊയ്ക്കോളൂ ഞാൻ വരുന്നില്ല. അപ്പോൾ ബുദ്ധിമാനായ മത്സ്യം തൻ്റെ സുഹൃത്തുക്കളെ വിട്ട് വേറെ തടാകത്തിൽ പോയി. പിറ്റേ ദിവസം രാവിലെ മുക്കുവന്മാർ മീനുകളെ പിടിക്കാൻ വന്നു. അവർ വല നദിയിലേക്ക് വിശി. കുറച്ച് സമയത്തിനു ശേഷം അവർ പ്രയാസപ്പെട്ട് വല വലിച്ചു കേറ്റി. അതിൽ രണ്ട് കൂട്ടുകാരടക്കം എല്ലാ മത്സ്യങ്ങളും ഉണ്ടായിരുന്നു.. സൂതി ശാലിയായ മത്സ്യം രക്ഷപ്പെടാനുള്ള സൂത്രം ആലോചിച്ചു. അത് ചത്ത പോലെ വലയിൽ കിടന്നു. അപ്പോൾ മുക്കുവൻ അിനെക്കണ്ട് ചത്തമീൻ എന്തിനാണ് എന്ന് കരുതി ഉത്തര അതിനെ കുളത്തിലേക്കെറിഞ്ഞു. ആ മിൻ സന്തോഷ - ത്തോടെ പറഞ്ഞു: എൻ്റെ**


**സൂിതം കൊണ്ട് ഞാൻ രക്ഷപ്പെട്ടു. ഭാഗ്യശാലിയായ മത്സ്യം തൻറെ ജീവൻ രക്ഷിക്കുന്നതിനു വേണ്ടി വലയിൽ നിന്ന് പിടഞ്ഞ് കളിച്ചു..**

**മത്സ്യത്തിൻ്റെ പരാക്രമം കണ്ട മുക്കുവനിൽ ഒരാൾ അതിനെ വലയിൽ നിന്ന് പുറത്തെടുത്ത് വേഗത്തിൽ അതിനെ കൊന്നു.ഈ കഥയിൽ നിന്ന് നമുക്ക് ലഭിക്കുന്ന പാഠം "നമ്മൾ ഭാഗ്യത്തിൽ മാത്രം വിശ്വസിച്ചുജീവിക്കരുത് എന്നാണ് "**

~ദുർഗ്ഗ എസ്
8D

''

# മഹത് വചനങ്ങൾ




''സത്യത്തിന്റെ പ്രതിഫലം സമാധാനവും സന്തോഷവുമാണ്''

-രവീന്ദ്രനാഥാ ടാഗോർ.


''പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക''

-ഗാന്ധിജി



''നിങ്ങളുടെ വാക്കുകൾ
നിശബ്ദതയെക്കാൾ നല്ലതെങ്കിൽ മാത്രം സംസാരിക്കുക''

-ഗാന്ധിജി




''വിജയിക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലതാണ് വിലയുള്ളവൻ ആവാൻ ശ്രമിക്കുന്നത്''

-ആൽബർട്ട് ഐൻസ്റ്റീൻ

"ഞാൻ വായിച്ചിട്ടില്ലാത്ത ഒരു പുസ്തകം എനിക്ക് തരുന്ന വ്യക്തിയാണ് ഏറ്റവും നല്ല സുഹൃത്ത്"

-എബ്രഹാം ലിങ്കൺ



# Surrender

There's nothing much to think
I've seen her cry
I've heard her scream
But I pushed away the thought.
I was turning into something into someone I don't realize
"The world's unfair" she said And I believed, I believed
I believed what I could've been a lie
I excused myself to the washroom
Not once but at times I was confused
I felt this rather irritating and havoc
Should I be concerned ?
Should I defend or complain? Because those lay weren't easy
They were rather wrecked and shattered
Their words made no meaning
And shade sheltered it as more.

Fathima shareef
10 A

# BEAST & BEAUTY

BEAST, The dark hearted…
I heard she fallen in
Love with that prodigy,
All are against them.
Love, it's such a fantasy.

Marvelous, she said about it.
"I love him the way he do"
Never they listened to others.
How fascinating their love is!
All they did is loving each other ..

ANGELINA GODWIN
10A



സിദ്ര പി എം
8-A